"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വടക്കാഞ്ചേരി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. കൃഷ്ണേന്ദു.കെ.എസ്.-ന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2418/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:- 1. ശ്രീമതി. കൃഷ്ണേന്ദു.കെ.എസ്. സമർപ്പിച്ച 06.09.2024 തീയതിയിലെ അവധി അപേക്ഷ.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽഡയറക്ടറുടെ 05.11.2024 തീയതിയിലെ -LSGD/PD/36522/2024-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

വടക്കാഞ്ചേരി നഗരസഭയിൽ 31.08.2024 തീയതിയിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. കൃഷ്ണേന്ദു.കെ.എസ്. -ന് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് 01.12.2024 മുതൽ 30.11.2029 വരെ 5 വർഷത്തേക്ക് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12 ബി പ്രകാരം, ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷിച്ചിരുന്നതനുസരിച്ച് പ്രസ്തുത അവധി അനുവദിക്കുന്നതിനായി പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടക്കാഞ്ചേരി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. കൃഷ്ണേന്ദു.കെ.എസ്.-ന് Southern Illinois University,Carbondale, United States-ൽ Ph.D Programme in Computer Science പഠനത്തിനായി 01.12.2024 മുതൽ 30.11.2029 വരെ 5 വർഷത്തേക്ക് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.കൃഷ്ണേന്ദു.കെ.എസ്.,ക്ലർക്ക്, വടക്കാഞ്ചേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, വടക്കാഞ്ചേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-12-2024 15:04:39

സെക്ഷൻ ഓഫീസർ